# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 816 9/08/2017-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിൽ വനവത്കരണത്തിന്റെയും പരിസ്ഥിതിയുടെയും അവബോധം സൃഷ്ടിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ വനവത്കരണത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ വനവത്കരണത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി വനം വകുപ്പ് വിവിധയിനം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) വിദ്യാർത്ഥികൾക്കിടയിൽ വനവത്ക്കരണത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഫോറസ്ട്രി ക്ലബ്ബുകൾ, സ്കൂൾ കുട്ടികൾക്കായുള്ള 'എന്റെ മരം പദ്ധതി', കോളേജ് കുട്ടികൾക്കായുള്ള 'നമ്മുടെ മരം പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ മുഖേന ഏകദിന പരിസ്ഥിതിപഠന ക്യാമ്പ്, ഫിലിംഷോ, എക്സിബിഷനുകൾ വിദ്യാർത്ഥികൾക്ക് വനം സന്ദർശിക്കാൻ അവസരം നൽകുന്ന 'വനദർശം' എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| സി) ഇല്ലെങ്കിൽ ഇതിനായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ